# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ 3280

25.06.2012 ന് മറുപടിക്ക്

## "ഭരണഭാഷ മലയാളം" നടപ്പിലാക്കുന്നത് സംബന്ധിച്ച്

ചോദ്യം

ശ്രീ.എ.എ.അസീസ് :
ശ്രീ.കോവൂർ കുഞ്ഞുമോൻ:

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ മലയാളമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെയായി 72 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/ സഹകരണസ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളിലെയും ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്തു വരുന്നു. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവയ്ക്കും സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിൽക്കൂടി പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പുതല പദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനുള്ള നിർദ്ദേശം വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. വെബ്സൈറ്റുകളിലെ വിവരം മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണ ഭാഷാമാറ്റ പുരോഗതി പരിശോധിക്കുന്നതിനായി അതാത് വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങളെയും സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ) വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭാഷാ മാറ്റ പുരോഗതി തുലോം കുറവാണെന്ന് ശ്രദ്ധയിൽപ്പെടുന്ന ഓഫീസുകളിൽ ഔദ്യോഗിക ഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുൾ-പ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഭരണഭാഷയുടെ വ്യാപനം ലക്ഷ്യമാക്കി മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുളള വകുപ്പുകളിലെയും പൊതുമേഖല, സഹകരണ, സ്വയംഭരണ സ്ഥാപനങ്ങളിലെയും ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് സംസ്ഥാന - ജില്ലാ - താലൂക്ക് തല പുരസ്കാരങ്ങളും സംസ്ഥാനതലത്തിൽ ഭരണഭാഷാ ഗ്രന്ഥ രചനാ പുരസ്കാരവും നൽകി വരുന്നു. കേരളപ്പിറവി ദിനമായ നവംബർ 1 'മലയാളദിന'മായും 1 മുതൽ 7 വരെ 'ഭരണഭാഷാ' വാരമായും ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെയും വിവര - പൊതുജന സമ്പർക്ക വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ആചരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ ഉദ്യോഗസ്ഥ തലത്തിലെ മേൽനോട്ടം ഭാഷാ വിദഗ്ദ്ധന്റെ ചുമതലയിലാണോ; | (ബി) | ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) സെക്രട്ടറിയുടെ ചുമതലയിലാണ്. |
| (സി) | ഭാഷാ വിദഗ്ദ്ധന്റെ മറ്റു ചുമതലകൾ എന്തെല്ലാം; | (സി) | വകുപ്പുതല പദകോശം, ലിപി പരിഷ്കരണം, പുസ്തക പ്രസിദ്ധീകരണം എന്നിവ കൂടാതെ കോഡുകൾ, മാനുവലുകൾ, ഫാറങ്ങൾ തുടങ്ങിയവയുടെ സൂക്ഷ്മ പരിശോധന, ഭരണഭാഷാ പുരസ്കാരങ്ങൾ, മലയാളം സോഫ്റ്റ്‌വെയർ നിർമാണം, ലൈബ്രറി, പരിഭാഷാ സെല്ലുകളുടെ പ്രവർത്തന പുരോഗതി അവലോകനം, നിയമസഭാസമിതി സംബന്ധിച്ച ഫയലുകൾ, ഔദ്യോഗിക ഭാഷാ |

| | | | |
|---|---|---|---|
| | | | പരിശീലന പാഠ്യക്രമം തയാറാക്കൽ, നൂതനമായി ആവിഷ്കരിക്കുന്ന പദ്ധതികളിലെ ഭാഷാപരമായ വിഷയങ്ങൾ, വിവിധ വകുപ്പുകളിൽ മലയാളം വെബ്സൈറ്റിനായുള്ള ഭാഷാപരമായ സേവനം, ഭരണ ശബ്ദകോശം എന്നീ വിഷയങ്ങളിൽ ഭാഷാപരമായ അഭിപ്രായം നൽകുകയും ഭാഷാമാറ്റ പുരോഗതി അവലോകനം, പരിശോധന എന്നിവ നടത്തുകയും ചെയ്യുക. |
| (ഡി) | സംസ്ഥാനത്ത് ഭാഷാ വിദഗ്ദ്ധന്റെ എത്ര തസ്തികകളാണ് ഉള്ളത്; എത്ര ഒഴിവുകൾ ഇപ്പോൾ നിലനിൽക്കുന്നു; വ്യക്തമാക്കുമോ; | (ഡി) | ഭാഷാ വിദഗ്ദ്ധന്റെ ഒരു തസ്തികയാണ് ഔദ്യോഗിക ഭാഷാ വകുപ്പിൽ ഉള്ളത്. |
| (ഇ) | ഇപ്പോൾ ജോലി നോക്കുന്ന ഭാഷാ വിദഗ്ദ്ധരുടെ പേരുവിവരം വെളിപ്പെടുത്തുമോ? | (ഇ) | ശ്രീ.ആർ.ശിവകുമാർ |

**സെക്ഷൻ ഓഫീസർ**